പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1734 — 22.03.2012 - ൽ മറുപടിയ്ക്ക്

## കാസർഗോഡ് ജനറൽ ആശുപത്രി മോർച്ചറി അടിച്ച് തകർത്ത സംഭവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) കാസർഗോഡ് ജനറൽ ആശുപത്രി മോർച്ചറി അടിച്ച് തകർത്ത സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) ഇതു സംബന്ധിച്ച് കാസർഗോഡ് പി.എസ് ക്രൈം നം. 32/2012 u/s 143, 147, 447, r/w 149 IPC and Sec. 3(1) of PDPP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) ആരൊക്കെയാണ് പ്രതികൾ; ഇവരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; | (സി) ഒരു പറ്റം സാമൂഹ്യവിരുദ്ധരുടെ പേരിലാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ ജാഫർ. എം.സി ചൗക്കി എന്നയാളെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്തിട്ടുണ്ട്. ഈ കേസ് അന്വേഷണാവസ്ഥയിലാണ്. |
| (ഡി) ഇവരുടെ പേരിൽ മറ്റേതെങ്കിലും കേസ് നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) ഈ കേസിപ്പോൾ അന്വേഷണത്തിലാണ്. ഇതിലെ പ്രതികളെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്യേണ്ടതായിട്ടുണ്ട്. അതിനുശേഷമേ മറ്റേതെങ്കിലും കേസ് നിലവിലുണ്ടോയെന്ന് അന്വേഷണത്തിൽ വെളിവാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ